FRIDAY 16.02.2024 വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com,
fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

### എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 16/02/2024

1. മൃഗസംരക്ഷണ വകുപ്പിന്റെ കുടപ്പനക്കുന്ന് ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിങ് സെന്ററിൽ സ്ഥാപിതമായ സെന്റർ ഓഫ് എക്സലൻസിന്റെ ഉദ്ഘാടനം വട്ടിയൂർക്കാവ് എം എൽ എ അഡ്വ. വി കെ പ്രശാന്തിന്റെ അധ്യക്ഷതയിൽ മൃഗസംരക്ഷണ ക്ഷീരവികസന മൃഗശാല വകുപ്പ് മന്ത്രി ജെ. ചിഞ്ചു റാണി നിർവഹിച്ചു. മൃഗസംരക്ഷണ വകുപ്പിന്റെ പരിശീലനങ്ങൾ ഏറ്റെടുത്തു നടത്തുന്ന വിവിധ ജില്ലകളിലെ പത്തു പരിശീലന കേന്ദ്രങ്ങളുടേയും ആസ്ഥാനമാണ് കുടപ്പനക്കുന്ന് ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ. കർഷക പരിശീലനങ്ങൾക്കുപരിയായി വകുപ്പിലെ വിവിധ ഉദ്യോഗസ്ഥർക്കുള്ള പരിശീലനങ്ങൾ, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ ഇൻസർവ്വീസ് ട്രെയിനിംഗ് തുടങ്ങിയവ ഈ സ്ഥാപനത്തിന്റെ മേൽനോട്ടത്തിലാണ്. കൂടാതെ തൊഴിലധിഷ്ഠിത കോഴ്സായ ചിക്ക് സെക്സിംഗ് ആന്റ് ഹാച്ചറി മാനേജ്മെന്റ് കോഴ്സും ഇവിടെ നടത്തുന്നുണ്ട്.

2. ന്യൂഡൽഹിയിൽ വച്ച് സംഘടിപ്പിക്കുന്ന ഇന്ത്യ ഇൻറർനാഷണൽ ഹോർട്ടി എക്സ്പോയിൽ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരളയുടെ എക്സിബിഷൻ സ്റ്റാളിൽ ഹോർട്ടികൾച്ചർ മേഖലയുമായി ബന്ധപ്പെട്ട വിഭവങ്ങൾ മൂല്യ വർദ്ധിത ഉത്പന്നങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നതിനും വിൽപ്പനയ്ക്കും താത്പര്യമുള്ള /കർഷക സംഘടനകൾ / കൂട്ടായ്മകൾ എന്നിവരിൽ നിന്നും അപേക്ഷ സ്വീകരിക്കുന്നു. അപേക്ഷയിൽ പ്രദർശിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന ഹോർട്ടികൾച്ചർ ഉത്പന്നത്തിന്റെ വിശദാംശവും, പങ്കെടുക്കുന്നവരുടെ എണ്ണവും വ്യക്തമായി കാണിക്കേണ്ടതുണ്ട്. വിശദ വിവരങ്ങൾക്ക് mdshmkerala@yahoo.co.in എന്ന ഈ-മെയിൽ വിലാസത്തിൽ ബന്ധപ്പെടുക.

3. കോട്ടയം ജില്ലയിലെ മണർകാട് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും കാവേരി, ഗ്രാമശ്രീ ഇനങ്ങളിൽപെട്ട ഒരു ദിവസം പ്രായമായ മുട്ടക്കോഴി കുഞ്ഞുങ്ങളെ പൂവൻ ഒന്നിന് 5 രൂപയ്ക്കും പിട ഒന്നിന് 25 രൂപയ്ക്കും എല്ലാ ചൊവ്വ, വെള്ളി ദിവസങ്ങളിൽ രാവിലെ 11 മണി മുതൽ ലഭ്യമാണ്. കോഴി മുട്ട ഒന്നിന് 5.50/-നും കോഴി വളം കിലോയ്ക്ക് 3 രൂപയ്ക്കും എല്ലാ ദിവസങ്ങളിലും ലഭ്യമാണെന്ന് അസിസ്റ്റന്റ് ഡയറക്ടർ പൗൾട്രി ഫാം മണർകാട് അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0481- 2373710, 8301897710

4. മൃഗസംരക്ഷണ വകുപ്പ് മുഖേന ജില്ലയിൽ മൊബൈൽ വെറ്ററിനറി യൂണിറ്റ് സേവനം ലഭ്യമാക്കുന്നതിന് മലപ്പുറം ജില്ലയിലെ രണ്ട് ബ്ലോക്കുകളിൽ പാരാവെറ്റിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നു. ഉദ്യോഗാർത്ഥികൾ നിർദിഷ്ട യോഗ്യതയുള്ളവരും എൽ.എം.വി ലൈസൻസുള്ളവരുമായിരിക്കണം. അഭിമുഖം 2024 ഫെബ്രുവരി 19 ന് രാവിലെ 10.30 ന് ജില്ലാ മൃഗസംരക്ഷണ ഓഫിസിൽ നടക്കും. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം വരുന്നതുവരെയോ അല്ലെങ്കിൽ 90 ദിവസത്തേക്കോ ആയിരിക്കും നിയമനം. കൂടുതൽ വിവരങ്ങൾക്ക് 0483 2734917 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

5. എറണാകുളം ജില്ലയിലെ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് 2024 ഫെബ്രുവരി മാസം 20ന് **ഓമന പക്ഷികൾ വിനോദത്തിനും വരുമാനത്തിനും** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ **0484 2950408** എന്ന നമ്പറിൽ ഓഫീസ് സമയങ്ങളിൽ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. കേരള കാർഷിക സർവ്വകലാശാല ഇ-പഠന കേന്ദ്രം **"തേനീച്ച വളർത്തൽ"** എന്ന വിഷയത്തിൽ ഒരു ഓൺലൈൻ പരിശീലന പരിപാടി ഫെബ്രുവരി മാസം 22 ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞരാണ് ഈ കോഴ്സ് കൈകാര്യം ചെയ്യുന്നത്. താൽപ്പര്യമുള്ളവർ ഫെബ്രുവരി 21 നകം ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. 20 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. ഒൻപത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പ്രയോജനപ്പെടുത്താവുന്നതാണ്. www.celkau.in എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് ഫെബ്രുവരി 22 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യൂസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്

7. മൃഗസംരക്ഷണ പരിശീലനകേന്ദ്രം- ആതവനാട് കേരള കാർഷിക സർവകലാശാലയുമായി സംയോജിച്ച് 2024 – ഫെബ്രുവരി - 20 ന് 'മുട്ടക്കോഴി വളർത്തൽ, നൂതന പരിപാലന മാർഗ്ഗങ്ങൾ" എന്ന വിഷയത്തിൽ സൗജന്യ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ 0494-2962296 എന്ന നമ്പരിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

8. റബ്ബറിനെ ബാധിക്കുന്ന രോഗങ്ങളുടെയും കീടങ്ങളുടെയും നിയന്ത്രണ മാർഗ്ഗങ്ങളെക്കുറിച്ച് റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഏകദിനപരിശീലനം നൽകുന്നു. കോട്ടയത്ത് എൻ.ഐ.ആർ.റ്റി.-യിൽ വെച്ച് നടക്കുന്ന പരിശീലനം സംബന്ധിച്ച കൂടുതൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിവരങ്ങൾക്ക് 9447710405 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം. ഇ മെയിൽ: training@rubberboard.org.in

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം